File No.LSGD-EPB3/84/2016-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജോയി ജോണിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2238/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/11/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 31.12.2015-ലെ ഇ11- 36272/2015 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 11.06.2016-ലെ 466/ഡി2/2016/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 06.08.2016-ലെ 84/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. ജോയി ജോൺ സമർപ്പിച്ച പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 30.04.2018-ലെ ഡി11-30029/16 നമ്പർ കത്ത്

## ഉത്തരവ്

വയനാട് ജില്ലയിലെ തലപ്പുഴ ടൗണിനു സമീപം മാനന്തവാടി - കണ്ണൂർ മെയിൻ റോഡിനടുത്തായി ശ്രീമതി. ആസ്യ, മംഗലശ്ശേരി വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള ടി.പി-8/55എ, 55ബി എന്നീ നമ്പർ കെട്ടിടങ്ങളോട് ചേർന്ന് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിയമത്തിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച താല്ക്കാലിക ഷെഡ് പൊളിച്ചു നീക്കുവാൻ നോട്ടീസ് നല്കി രണ്ടു മാസത്തോളമായിട്ടും തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജോയി ജോൺ പ്രസ്തുത അനധികൃത നിർമ്മാണം നീക്കം ചെയ്യുകയോ ഉടമയ്ക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ പ്രതിപാദിക്കുന്ന വീഴ്ചകൾ കുറ്റാരോപിതന്റെ ഭാഗത്തു നിന്ന് ഉണ്ടായതായി കാണുകയുണ്ടായി. ശ്രീമതി. ആസ്യ, മംഗലശ്ശേരി വീട് എന്നവരുടെ ഉടമസ്ഥതയിൽ തലപ്പുഴ ടൗണിൽ മാനന്തവാടി-കണ്ണൂർ മെയിൻ റോഡിനടുത്തായി ടി.പി-8/55എ, 55ബി നമ്പർ ഫ്ലോർ മില്ലും കടമുറിയും അടങ്ങുന്ന കെട്ടിടത്തിന്റെ മുൻവശത്ത് നിലവിലുള്ള മുറ്റം സിമന്റ് ചെയ്ത് ഇരുമ്പ് പൈപ്പിന്റെ മുകളിൽ മഴപ്പന്തൽ നിർമ്മിച്ചതിനു ചുറ്റും സിങ്ക് ഷീറ്റ് വച്ച് മറച്ച് താൽക്കാലിക ഷെഡ് നിർമ്മിച്ചതായി കാണപ്പെട്ടു. ഇത് 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ പ്രസ്തുത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 03.08.2015-ന് നമ്പർ എ4-4706/2015 പ്രകാരമുള്ള നോട്ടീസ് കെട്ടിട ഉടമ ശ്രീമതി. ആസ്യക്ക് നൽകിയതായും ആയതിന് പി.ഡബ്ല്യു.ഡി. , പഞ്ചായത്ത് എന്നിവയ്ക്ക് ആവശ്യം വരുമ്പോൾ നിർമ്മാണം പൊളിച്ചുനീക്കാമെന്ന് അറിയിച്ചുകൊണ്ട് 05.08.2015-ന് ശ്രീമതി. ആസ്യ മറുപടി നൽകിയെങ്കിലും 7 ദിവസത്തിനകം അനധികൃത നിർമ്മാണം പൊളിച്ചുനീക്കുവാൻ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശം നൽകിയതായി കാണുന്നുണ്ട്. എങ്കിലും സ്ഥലംപരിശോധിച്ചതിൽ ടി ഷെഡ് പൊളിച്ചു മാറ്റിയതായി കാണുന്നില്ലെന്നും നോട്ടീസ് നൽകി രണ്ടുമാസത്തോളമായിട്ടും അനധികൃത നിർമ്മാണം നീക്കം ചെയ്യുകയോ ഉടമയ്ക്കെതിരെ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ

അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ശ്രീ. ജോയി ജോണിനെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. ടി കുറ്റപത്രത്തിന് ശ്രീ. ജോയി ജോൺ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ അനധികൃത നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവെന്ന ശ്രീ. ജോയി ജോണിന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും, ഗ്രാമപഞ്ചായത്തിലെ ജോലിത്തിരക്കും, നിർമ്മാണ പ്രവർത്തനം പൊളിച്ചു മാറ്റുന്നതിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിലെ കാലതാമസവും മൂലമാണ് അനധികൃത നിർമ്മാണം പൊളിച്ചു നീക്കുവാൻ വൈകിയതെന്നും, ആയത് പൊളിച്ചു നീക്കിയിട്ടുണ്ടെന്നും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് നല്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിലുണ്ടായ കാലതാമസം മന:പൂർവ്വമല്ലായെന്നും, നിലവിൽ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റിയതിനാൽ ശ്രീ. ജോയി ജോണിന്റെ മറുപടി പരിഗണിച്ച് തുടർ നടപടി ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജോയി ജോണിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. ജോയി ജോൺ, മുൻ സെക്രട്ടറി, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി2/496/2018-വിജി. തീയതി 12.07.2018 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/84/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.11.30 14:3[illegible]1 IST
Reason: Approved

സെക്ഷൻ ഓഫീസർ